"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയംഭരണ വകുപ്പ് - കൊല്ലം ജില്ല- വെസ്റ്റ് കല്ലട ഗ്രാമ പഞ്ചായത്ത് ഓഫീസ് - ക്ലാർക്ക് - ശ്രീ സന്ദീപ് എം.എസ് - ന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ(ഇപിഎ)വകുപ്പ്**

സ.ഉ.(സാധാ) നം.1052/2026/LSGD തീയതി,തിരുവനന്തപുരം, 23-05-2026

പരാമർശം:-
1. 28.07.2017ലെ സ ഉ (സാധാ)നം.2619/2017/തസ്വഭവ
2. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 17.08.2022ലെ DDP/KLM/669/2022(E2) നമ്പർ നടപടിക്രമങ്ങൾ
3. കൊല്ലം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 07.10.2022ലെ DDP/KLM/1722-E2 നമ്പർ നടപടിക്രമങ്ങൾ
4. തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 04.09.2023ലെ LSGD/PD/52489/2023-DEC3 നമ്പർ കത്ത്

<u>ഉത്തരവ്</u>

കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലട ഗ്രാമ പഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ഓഫീസിലെ ക്ലാർക്ക് ശ്രീ സന്ദീപ് എം.എസ് - ന്റെ പ്രൊബേഷൻ കാലയളവ് 29.03.2016 മുതൽ 25.09.2021വരെ ദീർഘിപ്പിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം (4)പ്രകാരം ശിപാർശ ലഭ്യമാക്കിയിരുന്നു .

2. ശ്രീ സന്ദീപ് എം.എസ് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം 05.07.2011 തീയതിയിൽ സേവനത്തിൽ പ്രവേശിച്ചുവെങ്കിലും ടിയാൻ 06.07.11 മുതൽ 12.04.2012 വരെ പഠനാവശ്യത്തിനുള്ള ശൂന്യവേതനാവധിയും 13.04.2012 മുതൽ 29.03.2013 വരെ അനധികൃതഹാജരില്ലായ്മയിലായിരുന്നതിനാൽ പരാമർശം (1) പ്രകാരം പ്രസ്തുത കാലയളവ് മുൻകാല സർവ്വീസ് നഷ്ടമാകും വിധം നോൺഡ്യൂട്ടിയായി ക്രമീകരിച്ചിരുന്നു. ശ്രീ സന്ദീപ് എം.എസ് -ന്റെ നിയമനം പരാമർശം (2) പ്രകാരം ക്രമവൽക്കച്ചിട്ടുണ്ട്. അനധികൃതഹാജരില്ലായ്മക്ക് ശേഷം ടിയാൻ ജോലിക്ക് ഹാജരായ തീയതിയായ 30.03.2013 തീയതി മുതൽ തുടർച്ചയായ രണ്ട് വർഷക്കാലയളവിനുള്ളിൽ ടിയാൻ പ്രൊബേഷൻ പ്രഖ്യാപിക്കുന്നതിനാവശ്യമായ എം ഒ പി പരീക്ഷ വിജയിക്കാത്ത സാഹചര്യത്തിൽ പരാമർശം (3) പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് 29.03.2015 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ചിട്ടുണ്ട്. ശ്രീ സന്ദീപ് എം എസ്-

ന്റെ പേരിൽ വിജിലൻസ് കേസുകളോ അച്ചടക്ക നടപടികളോ നിലവിലില്ലായെന്നും ടിയാന്റെ സ്വഭാവവും പ്രവൃത്തിയും തൃപ്തികരമാണെന്നും നിരീക്ഷണകാലയളവിനെ ബാധിക്കുന്ന അവധികൾ ഒന്നും വിനിയോഗിച്ചിട്ടില്ലായെന്നും വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. ടിയാൻ 23.09.2021 ന് എം ഒ പി വിജയിച്ചിട്ടുണ്ട്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു.തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (4) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് 23.09.2021 തീയതിയിൽ എം.ഒ.പി പരീക്ഷ വിജയിച്ച കൊല്ലം ജില്ലയിലെ വെസ്റ്റ് കല്ലട ഗ്രാമ പഞ്ചായത്ത് ക്ലാർക്ക് ഓഫീസിലെ ക്ലർക്ക് ശ്രീ സന്ദീപ് എം.എസ് -ന്റെ പ്രൊബേഷൻ കാലയളവ് 24.09.2021 തീയതിയിൽ പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിന് നിയമനാധികാരിക്ക് കഴിയുമാറ് ടിയാളുടെ നിരീക്ഷണകാലം KS&SSRs Part II ചട്ടം 21 -ലെ വ്യവസ്ഥകൾക്ക് വിധേയമായി 29.03.2016 മുതൽ 25.09.2021 വരെ ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്, തിരുവനന്തപുരം
2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം തൃശ്ശൂർ
3.ജോയിന്റ് ഡയറക്ടർ, തദ്ദേശസ്വയംഭരണവകുപ്പ് , കൊല്ലം (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
4.സെക്രട്ടറി,വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
5.ശ്രീ സന്ദീപ് എം.എസ്, ക്ലർക്ക് , വെസ്റ്റ് കല്ലട ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
6.ഡയറക്ടർ . ഐ കെ എം
7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)
8.കരുതൽ ഫയൽ (ഫയൽ നം.290/ഇപിഎ1/2023-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം
Signed by
Danuja M S
Date: 23-03-2026 14:56:18